D3BML2301(A1) (2 Pages) Reg. No:......................

Name: .........................

**THIRD SEMESTER BA/B. Sc. DEGREE EXAMINATION NOVEMBER 2024**

**(Regular/Improvement/Supplementary)**

**COMMON COURSE IN MALAYALAM**

**GMAL3A07T: മലയാള സാഹിത്യം 3**

**Time: 2 ½ Hours.** **Maximum Marks: 80**

## ഭാഗം I: 1 മുതൽ 15 വരെയുള്ള ചോദ്യങ്ങൾക്ക് ഉത്തരമെഴുതുക.

## ഓരോന്നിനും 2 മാർക്ക് വീതം. പരമാവധി മാർക്ക് 25.

1. കലാ സൃഷ്ടിയിലുൾപ്പെടുന്ന മൂന്ന ഘട്ടങ്ങൾ ഏതെല്ലാം ?
2. 'അഗ്നിമീളേ പുരോഹിതം' എന്ന് ആരംഭിക്കുന്ന ഋഗ്വേദത്തിലെ ആദ്യ സൂക്തം ശരിക്കും ഞാൻ പഠിച്ചത് അന്നാണ്. ഇങ്ങനെ പറയാൻ കാരണമെന്ത് ?
3. കാവാലം നാരായണപ്പണിക്കരുടെ നാലു നാടകങ്ങളുടെ പേരെഴുതുക.
4. ഗുപ്തകാശി എന്ന പേരു വന്നത് എങ്ങനെ ?
5. 'എങ്ങനെയെങ്കിലും ജീവിക്കണ്ടേ കൊച്ചേ? നിന്റെ അപ്പന്റെ ശമ്പളം കൊണ്ടുമാത്രം കഴിയുന്നെന്നായിരിക്കും വിചാരം' ആര് ആരോട് പറഞ്ഞ വാക്കുകൾ ?
6. 'ഈ സിദ്ധാന്തം രജനീഷ് തന്റെ പ്രായോഗിക ജീവിതത്തെ ന്യായീകരിക്കാൻ വേണ്ടി കെട്ടിച്ചമച്ചതാകാം.' ഏതു സിദ്ധാന്തത്തെയാണ് പരാമർശിക്കുന്നത് ?
7. 'ജീവിതത്തിന്റെ എല്ലാ സന്ദർഭങ്ങളും അനുഭവത്തിന്റെ സർവ്വ സ്ഥലവിശേഷങ്ങളും ഈ നാടകത്തിൽ ഒഴിച്ചുകൂടാനാവാത്തവയാണ്.' ഏതുനാടകത്തെ കുറിച്ചാണ് ഇവിടെ സൂചിപ്പിക്കുന്നത് ?
8. ആധുനിക സിനിമയിലെ അനർഘരത്നങ്ങളെന്ന് ലേഖകൻ അഭിപ്രായപ്പെട്ട സിനിമകൾ ഏതൊക്കെയാണ് ?
9. മന്ദാകിനി, അളകനന്ദ എന്നീ നദികൾ സന്ധിക്കുന്ന സ്ഥലത്തിന്റെ പ്രത്യേകതയെന്ത് ?
10. 'അവൻ ബാലസിംഹത്തെപ്പോലെ നിർഭയനും അരിപ്രാവിനെ പോലെ ശാന്തനുമാണ്' ആര് ആരെക്കുറിച്ചാണ് ഇങ്ങനെ പറയുന്നത് ?
11. 'പണ്ടൊക്കെ ദൈവഭക്തി യഥാർത്ഥമായിരുന്നു. എന്നാൽ ഇന്നത് വെറും പുറംമോടിക്കുള്ളതാണ്.' ആരുടെ വാക്കുകൾ ? ആരോടാണ് ഇങ്ങനെ പറയുന്നത് ?
12. 'ദുഷിച്ച വിധേയത്വത്തിന്റെ ലക്ഷണമാണത്. മറ്റൊരു കലാരംഗത്തും ഒരു കലോപാസകനും ആത്മക്ഷതമേറ്റുകൊണ്ടുമാത്രം അനുവദിക്കുവാൻ കഴിയുന്ന ദുഃസ്വാതന്ത്ര്യമാണത്.' ഏതു കാര്യത്തെ കുറിച്ചാണ് ലേഖകൻ ഇങ്ങനെ പറയുന്നത് ?
13. പെരുന്തച്ചൻ എന്ന സിനിമയുടെ സംഭാഷണം, സംവിധാനം എന്നിവ നിർവ്വഹിച്ചതാരൊക്കെ ?
14. അടൂരിന്റെ നാല് സിനിമകളുടെ പേരെഴുതുക.
15. എനിക്ക് ഉയരണം. പ്രപഞ്ചത്തോളം വികസിക്കണം. അതിനെതിരെ നിൽക്കുന്ന എല്ലാ ചങ്ങലക്കെട്ടുകളും തകർത്തു തരിപ്പണമാക്കണം. ആരുടെ വാക്കുകൾ ? കാരണമെന്ത്?

## ഭാഗം II: 16 മുതൽ 23 വരെയുള്ള ചോദ്യങ്ങൾക്ക് ഒരു പുറത്തിൽ കവിയാതെ

## ഉത്തരമെഴുതുക. ഓരോന്നിനും 5 മാർക്ക് വീതം. പരമാവധി മാർക്ക് 35.

16. സ്രഷ്ടാവിന്റെ ധിഷണ ജനലക്ഷങ്ങളെ നയിക്കട്ടെ എന്ന് അടൂർ എഴുതാൻ കാരണമെന്ത് ?
17. പി. എം. താജിന്റെ നാടകങ്ങളുടെ സവിശേഷതയെന്ത് ?

(തുടർച്ച ... 2)

18. പാണ്ഡുരംഗയെ കുറിച്ച് ലേഖകൻ വിവരിക്കുന്നതെങ്ങനെ ?

19. 'രാത്രി എപ്പോഴും ഒരിലച്ചോറു കരുതിവയ്ക്കാൻ ഞാൻ ഭാര്യയോട് പറഞ്ഞുകൊണ്ടിരുന്നു' ആര് ? കാരണമെന്ത് ?

20. 'അവളെ ഞാനെന്തിനോർക്കണം? അവൾ അന്യന്റേതായി. ഇന്ന് എല്ലാ ചരടും അറുത്തെറിഞ്ഞ് സ്വതന്ത്രയുമായി' സന്ദർഭം വിവരിക്കുക.

21. 'നൂറുകണക്കിന് മൈലുകളകലെ മഹാനഗരത്തിൽ പോയിരിക്കുന്ന സഹോദരനെ കാത്തിരിക്കുന്ന ആ പിഞ്ചു ബാലികയുടെയും അവളുടെ മാതാപിതാക്കളുടെയും ലോകമാണ് ലോകമെന്നും അവരുടെ ദുഃഖമാണ് ദുഃഖമെന്നും എനിക്കു തോന്നി.' ലേഖകന് ഇങ്ങനെ തോന്നാൻ കാരണമായ കഥയെന്താണ് ?

22. 'ചവിട്ടിപ്പൊട്ടിക്ക് ആ ബന്ധനങ്ങൾ. സ്നേഹത്തിന്റെ വിലങ്ങുകൾ എത്ര ബലപ്പെട്ടവയായാലും ചവിട്ടിയാൽ പൊട്ടും' ആരുടെ വാക്കുകൾ ? കാരണമെന്ത് ?

23. സംവിധായകൻ എന്ന പദത്തെകുറിച്ച് അടൂരിന്റെ അഭിപ്രായമെന്ത് ?

## ഭാഗം III: 24 മുതൽ 27 വരെയുള്ള ഏതെങ്കിലും രണ്ട് ചോദ്യങ്ങൾ മൂന്ന് പുറത്തിൽ കവിയാതെ ഉപന്യസിക്കുക. ഒരോന്നിനും 10 മാർക്ക് വീതം.

24. സാഹസികമായ വൈയക്തികാനുഭവങ്ങൾക്ക് വളരെയധികം പ്രാധാന്യം നൽകിയ യാത്രാവിവരണമാണ് ഹിമവാന്റെ മുകൾത്തട്ടിൽ. എന്തൊക്കെയാണ് ഈ കൃതിയിലെ സാഹസികമായ വൈയക്തികാനുഭവങ്ങൾ? ഉദാഹരണ സഹിതം വിവരിക്കുക

25. ഇരുപതാം നൂറ്റാണ്ടിന്റെ രണ്ടാം പകുതിയിൽ കൂടുതൽ സജീവമായ ഒരു കലാവീക്ഷണമാണ് തനതുനാടകം. സമർത്ഥിക്കുക

26. 'പെരുന്തച്ചൻ' എന്ന തിരക്കഥയെ അടിസ്ഥാനമാക്കി തിരക്കഥാ രചനയുടെ അടിസ്ഥാന പാഠങ്ങൾ ഉദാഹരണ സഹിതം വിവരിക്കുക.

27. സൗന്ദര്യമന്വേഷിച്ചലഞ്ഞ കാൽപ്പനികന്റെ ജീവിതാഖ്യാനത്തിന്റെ കാവ്യാത്മക മാതൃകയാണ് കവിയുടെ കാൽപ്പാടുകൾ. പാഠഭാഗത്തെ മുൻനിർത്തി പരിശോധിക്കുക.

**(2 x 10 = 20 മാർക്ക്)**